**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 148** **27-01-2026-ൽ മറുപടിയ്ക്ക്**

**ജയിൽ പുള്ളികൾക്ക് അനധികൃത സൗകര്യം ഒരുക്കൽ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ഡോ. മാത്യു കുഴൽനാടൻ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** ടി.പി. വധക്കേസ് പ്രതി കൊടി സുനിയിൽ നിന്നും ഉൾപ്പെടെ ഹെഡ് ക്വാർട്ടേഴ്സ് ഡി.ഐ.ജി. എം.കെ. വിനോദ് കുമാർ ലക്ഷങ്ങൾ കൈക്കൂലി വാങ്ങിയത് സംബന്ധിച്ച കേസിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്; മേൽപ്പറഞ്ഞ ഉദ്യോഗസ്ഥനെതിരെ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ജയിലിലെ അന്തേവാസികളുടെ ബന്ധുക്കൾ, സഹപ്രവർത്തകർ തുടങ്ങിയവരിൽ നിന്നും ജയിൽ ഡി.ഐ.ജി ആയിരുന്ന ശ്രീ. എം.കെ വിനോദ്കുമാർ പണം കൈപ്പറ്റുന്നതായുള്ള ആഭ്യന്തര രഹസ്യാന്വേഷണ റിപ്പോർട്ടിന്റേയും സംസ്ഥാന പോലീസ് മേധാവിയുടെ സോഴ്സ് റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തുന്നതിന് വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പ്രാഥമികാന്വേഷണത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ അഴിമതി നിരോധന നിയമം 1988 (ഭേദഗതി നിയമം 018) ലെ 7(a), 7(b) വകുപ്പുകൾ പ്രകാരം വിജിലൻസ് കേസ്-രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ജയിൽ ഡി.ഐ.ജി ആയിരുന്ന ശ്രീ. എം.കെ. വിനോദ്കുമാറിനെ സ.ഉ(സാധാ)നം. 4458/2025/ ആഭ്യന്തരം, 23.12.2025 പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്.

**(ബി)** ഹെഡ് ക്വാർട്ടേഴ്സ് ഡി.ഐ.ജി.ക്ക് കൈക്കൂലി വാങ്ങുന്നതിന് എല്ലാ സഹായവും ചെയ്തു നൽകിയത് ജയിൽ മേധാവിയാണ് എന്ന് ഒരു മുൻ ജയിൽ വകുപ്പ് ഉദ്യോഗസ്ഥൻ വെളിപ്പെടുത്തിയത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; കണ്ടെത്തലുകൾ എന്തൊക്കെയാണ്; എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ജയിലിലെ അന്തേവാസികളുടെ ബന്ധുക്കൾ, സഹപ്രവർത്തകർ തുടങ്ങിയവരിൽ നിന്നും ജയിൽ ഡി.ഐ.ജി ആയിരുന്ന ശ്രീ. എം.കെ വിനോദ്കുമാർ പണം കൈപ്പറ്റുന്നതായുള്ള ആഭ്യന്തര രഹസ്യാന്വേഷണ റിപ്പോർട്ടിന്റേയും സംസ്ഥാന പോലീസ് മേധാവിയുടെ സോഴ്സ് റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തുന്നതിന് വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പ്രാഥമികാന്വേഷണത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ അഴിമതി നിരോധന നിയമം 1988 (ഭേദഗതി നിയമം 018) ലെ 7(a), 7(b) വകുപ്പുകൾ പ്രകാരം വിജിലൻസ് കേസ്-രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ജയിൽ ഡി.ഐ.ജി ആയിരുന്ന ശ്രീ. എം.കെ. വിനോദ്കുമാറിനെ സ.ഉ(സാധാ)നം. 4458/2025/ ആഭ്യന്തരം, 23.12.2025 പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്.

**(സി)** ജയിൽ പുള്ളികൾക്ക് അനധികൃത സൗകര്യം ഒരുക്കുകയും അവരിൽ നിന്ന് അനധികൃതമായി ആനുകൂല്യങ്ങൾ കൈപ്പറ്റുകയും കൈക്കൂലി വാങ്ങുകയും ചെയ്തത് സംബന്ധിച്ച എത്ര സംഭവങ്ങൾ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്ര സംഭവങ്ങളിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്; എത്ര സംഭവങ്ങളിൽ കുറ്റക്കാരെ ശിക്ഷിച്ചിട്ടുണ്ട്; കുറ്റക്കാരായ ഉദ്യോഗസ്ഥരുടെ പേരും തസ്തികയും ഉൾപ്പെടെ വിശദാംശങ്ങൾ നൽകാമോ?

**<u>മറുപടി:</u>** ഇപ്രകാരം ലഭിച്ച പരാതികളുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ 13 ജയിൽ ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള നടപടികളും, ഗുരുതരമായവയിൽ വിജിലൻസ് അന്വേഷണവും വകുപ്പുതല അച്ചടക്ക നടപടികളും സ്വീകരിച്ചു.

**സെക്ഷൻ ഓഫീസർ**